**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 207** **16-09-2025-ൽ മറുപടിയ്ക്ക്**

**<u>മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. ടി. എ. റഹീം

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കണ്ണൂരിൽ വച്ച നടന്ന മുഖ്യമന്ത്രിയുടെ ഉദ്യോഗസ്ഥതല റിവ്യൂ മീറ്റിംഗിൽ, മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ സ്ഥലം സർക്കാർ തലത്തിൽ ഉപയോഗപ്പെടുത്തി പുതിയ പദ്ധതി ആസൂത്രണം ചെയ്യുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം ആരോഗ്യ വകുപ്പ് സെക്രട്ടറി സമർപ്പിച്ചിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u> സർക്കാർ ഈ വിഷയം സംബന്ധിച്ച് റീജണൽ റിവ്യൂ മീറ്റിംഗിലൂൾപ്പെടെ ചർച്ചകൾ നടത്തുകയും വിവിധ പരിശോധനകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംയുക്തമായി ക്യാൻസർ രോഗ ചികിത്സയുമായി ബന്ധപ്പെട്ട പദ്ധതി ഈ കെട്ടിടത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ADLY ക്യാൻസർ ഡിപ്പാർട്ട്മെന്റ്, ഡേ കെയർ കീമോ തെറാപ്പി, പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങുക, ആയതിനുശേഷം ആധുനിക ചികത്സ തുടങ്ങുക എന്നിങ്ങനെ രണ്ട് ഘട്ടമായി പദ്ധതി പൂർത്തീകരിക്കുന്നതിന് നിർദ്ദേശിക്ക പ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിന്റെ ബഡ്ജറ്റ് വഴി ഒരു കോടി രൂപ ചെലവഴിച്ച് അറ്റകുറ്റ പണികൾ ചെയ്തിട്ടുണ്ട്.**

**ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളും, തലശ്ശേരി മലബാർ ക്യാൻസർ സെന്റർ ഡയറക്ടറും തമ്മിൽ ചർച്ച ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.**

**സെക്ഷൻ ഓഫീസർ**